# കേരള ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) റുടെ നടപടിക്രമം

വിഷയം - ആരോഗ്യവകുപ്പ് - സേവനകാര്യം - ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെ പ്രൊവിഷണൽ സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) ഉത്തരവ് നം.ഇ.എസ്3-58830/2015/ഡി.എച്ച്.എസ്/ തീയതി.02/12/2008.

(2) ഉത്തരവ് നം.ഇ.ഇ 4-50944/2015/ഡി.എച്ച്.എസ്/ തീയതി.19/08/2016.

(3) ഉത്തരവ് നം.ഇ.ഇ 4-50944/2015/ഡി.എച്ച്.എസ്/ തീയതി.28/10/2016.

*ഉത്തരവ് നം.ഇ.എസ് 3-48392/2017/ആ.വ.ഡ/തീയതി.18/09/2017.*

സൂചന ഒന്ന് (1) ഉത്തരവ് പ്രകാരം 01/12/2012 മുതൽ 31/12/2014 വരെയുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെ അന്തിമ സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

മേൽ സൂചന രണ്ട് (2) മൂന്ന് (3) ഉത്തരവുകൾ പ്രകാരമുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ പ്രമോഷന്റെ അടിസ്ഥാനത്തിലുള്ള പ്രൊവിഷണൽ സീനിയോറിട്ടി പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 1271/2014 കേസിന്റെ അന്തിമ വിധിയ്ക്ക് അനുസൃതമായി, ആവശ്യമെങ്കിൽ പ്രസ്തുത സീനിയോറിട്ടി പട്ടിക പുനഃക്രമീകരിക്കുന്നതായിരിക്കും.

പ്രസ്തുത പട്ടികയിന്മേൽ എന്തെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് ഈ പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ മേലധികാരികൾ മുഖേന ആവശ്യമായ രേഖകൾ സഹിതം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.ബിന്ദുമോഹൻ
അഡീ.ആരോഗ്യവകുപ്പ് ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർ
(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
(വെബ് സൈറ്റ് മുഖാന്തിരം)
(താങ്കളുടെ കീഴിൽ ജോലിചെയ്യുന്ന ബന്ധപ്പെട്ട ജീവനക്കാർക്കുള്ള അറിയിപ്പിനും തുടർ നടപടികൾക്കുമായ്)

// അംഗീകാരത്തോടെ //

സൂപ്രണ്ട്.